

# മഴ

• റവ. ജോർജ് മാത്യു പുതുപ്പള്ളി

മനസ്സ് തണുക്കാൻ മഴയെത്തി
നറുകുളിർ വിതറി മഴയെത്തി
കരിഞ്ഞ വേലികൾ ചെറുലതാദികൾ
ഉണർന്നെണീക്കാൻ മഴയെത്തി
വരണ്ടു കീറിയ നിലങ്ങളിൽ
പുതുവഴികളുമായ് മഴയെത്തി
വെയിലിൽ വാടും പൈതങ്ങൾക്കും
വയലിൽ പൊരിയും കൃഷീവലർക്കും
തീക്കാറ്റേൽക്കും പ്രവാസികൾക്കും
സുഖനിദ്രയുമായ് മഴയെത്തി!

## പക്ഷിപഠനം

പക്ഷികളെക്കുറിച്ചുള്ള പഠനത്തിന് ഓർണിത്തോളജി എന്നും പക്ഷിക്കൂടുകളെ കുറിച്ചുള്ള പഠനത്തിന് കാലിയോളജി എന്നുമാണ് പറയുന്നത്. പക്ഷികളുടെ സഹായത്താൽ സസ്യങ്ങളിൽ നടക്കുന്ന പരാഗണരീതിയെ ഓർണിത്തോഫിലി എന്ന് പറയുന്നു.



▸▸ പഴങ്ങളെക്കുറിച്ചുള്ള പഠനം – പോമോളജി



# തത്തയമ്മ

• റെജി മലയാലപ്പുഴ

ഞങ്ങടെ വീട്ടിലെ കൂട്ടിനുള്ളിൽ
ഉണ്ടല്ലോ നല്ലൊരു തത്തയമ്മ
നല്ലതു ചൊല്ലുവാൻ ഓതുമമ്മ
മെല്ലെ തലയാട്ടി കൊഞ്ചുമമ്മ
ഞങ്ങടെ പുന്നാര തത്തയമ്മ
പാലും പഴവും കഴിക്കുമമ്മ
ചേലിൽ ചിറകു വിടർത്തുമമ്മ
വീട്ടിലേക്കെത്തുന്നതിഥികളെ
പുന്നാരം ചൊല്ലി ക്ഷണിക്കുമമ്മ.

പള്ളിക്കൂടം വിട്ടു ഞങ്ങളെത്തും
കൂട്ടിൽ അമ്മയെ കണ്ടു കിന്നരിക്കും.
അമ്മയ്ക്കും ഉണ്ടേറെ സങ്കടങ്ങൾ
പുത്തരി കൊത്തുവാൻ പാടമില്ല
കൂടെ പറക്കുവാൻ കൂട്ടരില്ല
എങ്കിലും ഞങ്ങടെ തത്തയമ്മ
കിന്നാരം ചൊല്ലുവാൻ
കൂടെക്കാണും!

# ഉപദേശങ്ങൾ

അരുതരുതേ അരുതരുതേ..
കളവു പറഞ്ഞു പഠിക്കരുതേ...
മാനം നേക്കി നടക്കരുതേ...
മാനക്കേട് വരുത്തരുതേ...
എരിഞ്ഞു തീരും അടുപ്പിലായി
ആരും എണ്ണ ഒഴിക്കരുതേ...
അറിവില്ലാത്ത കാര്യങ്ങൾ
അറിയാമെന്നു നടിക്കരുതേ
റോഡു മുറിച്ചു കടക്കുമ്പോൾ
കൂട്ടം കൂടി നടക്കരുതേ
ഉലകം ചുറ്റുകയാണെന്നാലും
ഊഹിച്ചൊന്നും പറയരുതേ...

• കെ.പി അഹമ്മദ് കുട്ടി
കക്കോവ്

